സെഷൻ 8

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

പ്രവർത്തന സഹായി

# കോവിഡ് പ്രതിരോധ പ്രവർത്തകർ പാലിക്കേണ്ട സുരക്ഷാ നടപടികൾ

## തദ്ദേശ സ്വയംഭരണ വകുപ്പ്

KERALA INSTITUTE OF LOCAL ADMINISTRATION

29.03.2020

# ആരോഗ്യ പരിരക്ഷ പ്രവർത്തകർ

| | | |
|---|---|---|
| ഡോക്ടർ | നേഴ്സ് | JHI, HI, HS<br>JPHN, PHN, PHNS |
| ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ | ഹോസ്പിറ്റൽ / പൊതു ശുചിത്വ തൊഴിലാളികൾ | ഫാർമസിസ്റ്റ്, ഇതര ആശുപത്രി ജീവനക്കാർ |
| ആശ പ്രവർത്തകർ | അംഗൻവാടി പ്രവർത്തകർ | ആംബുലൻസ് ജോലിക്കാർ |

# അപകടസാധ്യത കൂടുതലുള്ള മറ്റ് പ്രവർത്തകർ

- ജനപ്രതിനിധികൾ
- പോലിസ്
- പൊതുപ്രവർത്തകർ
- ഭക്ഷണ-മരുന്ന് സാധനങ്ങൾ വീട്ടിൽ എത്തിച്ചു കൊടുക്കുന്ന സന്നദ്ധപ്രവർത്തകർ
- പലചരക്ക് വിൽപ്പനക്കാർ
- കുടുംബശ്രീ/സാന്ത്വനം പ്രവർത്തകർ
- വോളണ്ടിയേർസ്
- മറ്റു സന്നദ്ധപ്രവർത്തകർ
- വാഹന ഡ്രൈവർമാർ

## സേവന രംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്ന എല്ലാവരും കർശനമായി പാലിക്കേണ്ട നിബന്ധനകൾ

- ഇടക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റ് നേരത്തേക്കെങ്കിലും കൈ കഴുകി സൂക്ഷിക്കുക. പ്രത്യേകിച്ചും ഒരു പൊതുസ്ഥലത്തായിരുന്നതിനു ശേഷമോ, ചുമ, തുമ്മൽ, തുമ്മലിനു ശേഷമോ.




- സോപ്പും വെള്ളവും ഇല്ലാത്ത സാഹചര്യത്തിൽ സാനിടൈസർ ഉപയോഗിച്ച് കൈ കഴുകുക.




- കഴുകാത്ത കൈകൾ ഉപയോഗിച്ച് നിങ്ങളുടെ കണ്ണുകൾ, മൂക്ക്, വായ എന്നിവ തൊടുന്നത് ഒഴിവാക്കുക.

- എല്ലായ്പ്പോഴും ശാരീരിക അകലം പാലിക്കാൻ ശ്രദ്ധിക്കുക





29.03.2020

# സേവന രംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്ന എല്ലാവരും കർശനമായി പാലിക്കേണ്ട നിബന്ധനകൾ



- അടുത്ത് ഇടപെടേണ്ട അവസ്ഥയിൽ വ്യക്തിഗത സംരക്ഷണ ഉപാധികൾ ഉപയോഗിക്കാൻ (കയ്യുറകൾ, മാസ്ക് എങ്കിലും) ശ്രദ്ധിക്കുക.
- പതിവായി ഉപയോഗിക്കുന്ന വസ്തുക്കൾ - വാച്ചുകൾ, മൊബൈൽ, ഐ. ഡി. കാർഡുകൾ, പേഴ്സ്, പേന മുതലായ സാധനങ്ങൾ ഇടയ്ക്കിടെ സാനിടൈസ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.





- പനി, ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്, തൊണ്ടവേദന എന്നിവയുണ്ടെങ്കിൽ ഉടനെത്തന്നെ അധികൃതരെ അറിയിക്കുകയും, ക്വാറന്റൈനിൽ പ്രവേശിക്കുകയും ചെയ്യുക.
- വീടും പരിസരവും അണുവിമുക്തമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കുക

29.03.2020

# സേവന രംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്ന എല്ലാവരും കർശനമായി പാലിക്കേണ്ട നിബന്ധനകൾ

- കോവിഡ് 19 പോലുള്ള ശ്വസന വൈറസുകളുമായി സമ്പർക്കം പുലർത്താനുള്ള അപകട സാധ്യത തിരക്കേറിയതും, അടഞ്ഞ ക്രമീകരണങ്ങളിൽ ജോലിചെയ്യേണ്ടി വരുന്നവരിലും കൂടുതലാണ്. അതിനാൽ അത് പരമാവധി ഒഴിവാക്കുക.
- പ്രവർത്തനങ്ങൾക്കിടയിൽ ധാരാളം വെള്ളം കുടിക്കുവാനും ഭക്ഷണം സമയത്ത് കഴിക്കുവാനും സമയം കിട്ടുമ്പോൾ വിശ്രമിക്കാനും ശ്രമിക്കണം.





# പോലീസ്



- ആവശ്യമായ ഗ്ലൗസ്, മാസ്ക്
- വെയിലിൽ നിന്നും സുരക്ഷ നൽകുന്ന സുരക്ഷാ നടപടികൾ (ഉദാ: ക്യാപ്, സൺഗ്ലാസ്സ്)



- ആവശ്യമായ ഭക്ഷണം, കുടിവെള്ളം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ലഭ്യമാണെന്ന് ഉറപ്പുവരുത്തുക
- ഭക്ഷണം ശാരീരിക അകലം പാലിച്ച് വിതരണം ചെയ്യാൻ ശ്രദ്ധിയ്ക്കണം



- സാനിടൈസർ ആവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ നിർദ്ദേശം കൊടുക്കണം. ഇതിനാവശ്യമായ സാനിറ്റൈസർ ലഭ്യമാക്കണം



# ഡോക്ടർമാരും മറ്റ് ആരോഗ്യവിഭാഗം ജീവനക്കാരും

- ട്രിപ്പിൾ ലെയെർ മാസ്ക്, ഗ്ലൌസ്, PPE കിറ്റ്
- മേൽപ്പറഞ്ഞ സുരക്ഷക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ അണുവിമുക്തമാക്കി സംസ്കരിക്കുന്നതിനുള്ള സൌകര്യം .
- കൈ കഴുകാനുള്ള സൗകര്യം









# തുടർച്ച......

- **ആംബുലൻസ് സർവീസ്**
  - ❖ ഡ്രൈവർ നിരന്തരം സ്പർശിക്കുന്നയിടങ്ങൾ ഇടക്കിടെ അണുവിമുക്തമാക്കാൻ നിർദേശിക്കണം
  - ❖ ഡ്രൈവറുടെ അടുത്ത് ആരെയും ഇരുത്താതിരിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുക
  - ❖ ജനാലകൾ തുറന്നിട്ട് യാത്ര ചെയ്യാൻ നിർദ്ദേശിക്കുക.





- **ഹോസ്പിറ്റൽ / പൊതു ശുചിത്വ തൊഴിലാളികൾ**
  - ❖ ഡബിൾ ഗ്ലൗസ്, മാസ്ക്, PPE കിറ്റ് ലഭ്യമാക്കുക




29.03.2020

# ഫാർമസിസ്റ്റ്, ഇതര ആശുപത്രി ജീവനക്കാർ

- ശാരീരിക അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം
- ഇടക്കിടെ കൈകൾ അണുവിമുക്തമാക്കാൻ നിർദേശിക്കണം
- അവർക്കാവശ്യമായ മാസ്ക്, ഗ്ലൌസ്
- കൈ ശുദ്ധമായി വക്കാനുള്ള സൗകര്യങ്ങൾ (സാനിടൈസര്, പൈപ്പ്, സോപ്പ്)എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം





# JHI, HI, HS
# JPHN, PHN, PHNS

- ഫീൽഡ് തല ആരോഗ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ ജീവനക്കാർക്കുള്ള സുരക്ഷാ മുൻകരുതലുകളും ക്രമീകരണങ്ങളും അതിപ്രധാനം




ഇവരുടെ സുരക്ഷക്കായി

- മാസ്ക്,
- ഗ്ലൌസ്
- ഹാൻഡ് സാനിടൈസർ



- ഫീൽഡ് തല പ്രവർത്തനങ്ങളിൽ എല്ലാവിധ സഹായവും പിന്തുണയും തദ്ദേശ സ്ഥാപനങ്ങൾ നല്കണം


- മാസ്ക് + ഗ്ലൗസ്
- കൈ കഴുകി സൂക്ഷിക്കുന്നതിനോടൊപ്പം അവരെ നിർദ്ദേശങ്ങളെ പറ്റിയുള്ള കൃത്യമായ ധാരണ കൊടുക്കുക. അതിനു വാട്സാപ്പ്, സൂം, മറ്റു ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിക്കാവുന്നതാണ്.





# മരുന്ന്, ഭക്ഷണം എന്നിവ വീടുകളിൽ എത്തിച്ചു കൊടുക്കുന്ന സന്നദ്ധപ്രവർത്തകർ

- ശാരീരിക അകലം



- സാധനങ്ങൾ ഡെലിവർ ചെയ്യുമ്പോൾ വാതിലിന്റെ മുൻപിൽ വച്ചിട്ടു പോകാൻ നിർദ്ദേശങ്ങൾ കൊടുക്കാം.



- പണം വാങ്ങേണ്ട സാഹചര്യത്തിൽ വീട്ടുകാരോട് അത് വാതിലിന്റെ മുന്നിൽ വെച്ചിട്ട് അകത്തേക്ക് പോകാൻ നിർദേശിക്കുക. വാതിൽ അടച്ചതിനു ശേഷം പണം എടുത്ത് കൈകൾ കഴുകുകയോ സാനിടൈസ് ചെയ്യുകയോ ചെയ്യാൻ നിർദേശിക്കുക.



- അണുക്കൾ കൈകളിൽ എത്താൻ സാധ്യതയുള്ള സാഹചര്യങ്ങൾ ഏതൊക്കെ എന്നു ബോധവത്കരിക്കുക. ഉദാ: (Lift button, Door handle, Calling bell etc)




- അവർക്കാവശ്യമായിട്ടുള്ള സനിടൈസറുകൾ ലഭ്യമാക്കുക.

# കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തകർ

- ശുചിത്വം പാലിച്ച് പാചകം ചെയ്യാൻ ശ്രദ്ധിക്കണം.
- പാചകം ചെയ്യുന്നവരും പൊതികളിൽ ആക്കുന്നവരും മാസ്ക്, തൊപ്പി, ഗ്ലോവ്സ് എന്നിവ ധരിക്കാൻ ശ്രദ്ധിക്കണം
- ശാരീരിക അകലം പാചകം ചെയുന്ന ആളുകൾ തമ്മിലും, മറ്റു പ്രവർത്തകർ തമ്മിലും പാലിക്കാൻ ശ്രമിക്കണം.
- പ്രവർത്തകരുടെ എണ്ണം നിയന്ത്രിച്ച് കാര്യങ്ങൾ ചിട്ടയായി നടത്താനുള്ള മുൻകരുതലുകൾ എടുക്കുക.
- കഴുകിയ പത്രങ്ങൾ, പൈപ്പ്, ടേബിളുകൾ etc എന്നിവ ദിവസവും അണുവിമുക്തം ആക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദേശിക്കുക







29.03.2020

# ആശുപത്രികളിൽ ക്രമീകരിക്കേണ്ടത്

- കൈകൾ കഴുകാനുള്ള സൌകര്യം
- ആശുപത്രികളിൽ ലഭ്യമല്ലാത്ത മാസ്ക്, ഗ്ലോവ്സ് ഒരുക്കി കൊടുക്കുക, അല്ലെങ്കിൽ ലഭ്യമാണ് എന്ന് ഉറപ്പാക്കുക.
- ആശുപത്രികളിൽ പലയിടങ്ങളിലും dispense ചെയ്യാൻ കഴിയുന്ന സൌകര്യത്തിൽ സാനിറ്റൈസർ ഒരുക്കി കൊടുക്കുക.
- പി.എച്ച്.സി, സി.എച്ച്.സി മറ്റ് ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ബയോമെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുക.
- ലഭ്യമല്ലാത്ത മരുന്നുകൾ മറ്റ് സാധനങ്ങൾ ഒരുക്കി കൊടുക്കുക.










## തദ്ദേശ ഭരണ സ്ഥാപനം ചെയ്യേണ്ടതും മോണിറ്റർ ചെയ്യേണ്ടതുമായ കാര്യങ്ങൾ

- കോവിഡ് 19 പ്രതിരോധ പ്രവർത്തനം - പങ്കാളിയാവുന്ന പ്രവർത്തകർ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്
- പ്രതിരോധ പ്രവർത്തകരുടെ സുരക്ഷക്കായുള്ള ഉപാധികൾ ഉറപ്പാക്കൽ
- പൊതുസ്ഥലങ്ങളിലും പൊതുസ്ഥാപനങ്ങളിലും ശുചിത്വ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം
- മേല്പറഞ്ഞ കാര്യങ്ങൾക്ക് സൗകര്യം ഒരുക്കി കൊടുക്കുന്നതിനോടൊപ്പം ഇവർക്ക് ഇതിനെപറ്റിയുള്ള ബോധവത്കരണം/പരിശീലനം മൊബൈൽ വഴി (whatsapp, ഇൻഫർമേഷൻ വീഡിയോകൾ, video conferencing) ചെയ്തുകൊടുക്കുക.
- ഗതാഗത സൌകര്യങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കുക

# തദ്ദേശ ഭരണ സ്ഥാപനം ചെയ്യേണ്ടതും മോണിറ്റർ ചെയ്യേണ്ടതുമായ കാര്യങ്ങൾ

- മേൽപറഞ്ഞ കാര്യങ്ങളുടെ നടത്തിപ്പും കൈകാര്യവും ഉറപ്പുവരുത്തുക, കുറവുകളെ പരിഹരിച്ച് കൊടുക്കുക.
- ബയോമെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പുവരുത്തുക
- പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്നവർക്ക് വേണ്ട എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഉണ്ടെന്ന് ഉറപ്പാക്കണം

**കോവിഡ് 19 പ്രതിരോധത്തിനായുള്ള ഈ പോരാട്ടത്തിൽ മുന്നിൽ നിൽക്കുന്ന എല്ലാവരുടെയും സുരക്ഷ ഉറപ്പാക്കുക എന്നത് നാമേവരുടെയും ആവശ്യം ആണ്...**

**ഉത്തരവാദിത്തം ആണ്...**



KILA Help Desk

0487-2455000
0487-2204097

helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in


KERALA INSTITUTE OF LOCAL ADMINISTRATION
Website : www.kila.ac.in, Email : info@kila.ac.in